# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 469 30.06.2014-ൽ മറുപടിയ്ക്ക്

**<u>സാമ്പത്തിക തട്ടിപ്പ് നടത്തി ജനങ്ങളെ കബളിപ്പിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സാമ്പത്തിക തട്ടിപ്പുകൾ നടത്തി ജനങ്ങളെ കബളിപ്പിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും ആരംഭത്തിൽ തന്നെ നിരീക്ഷിക്കാനും അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനും സംസ്ഥാന പോലീസിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) സാമ്പത്തിക ഇടപാടുകൾ നടത്തുന്ന വ്യക്തികളെയും, സ്ഥാപനങ്ങളെയും സംസ്ഥാന ഇന്റലിജൻസ് വിഭാഗം നിരീക്ഷിച്ചു വരുന്നുണ്ട്. ഇത്തരം തട്ടിപ്പുകൾ കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ കുബേര'പോലെയുള്ള റെയ്ഡുകളും, പരിശോധനകളും നടത്തുന്നുണ്ട്. സാമ്പത്തിക തട്ടിപ്പുകൾ അന്വേഷിക്കുന്നതിനായി ക്രൈംബ്രാഞ്ചിന് കീഴിൽ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം (Ecconomic Offence Wing) എന്ന ഒരു വിഭാഗം പ്രവർത്തിയ്ക്കുന്നുണ്ട്. സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 52/09 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിലവിലെ നിയമമനുസരിച്ച് കർശനമായ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. ഇത്തരം തട്ടിപ്പുകളിൽ ജനങ്ങൾ ഉൾപ്പെടാതിരിക്കുന്നതിനായി ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. പൊതുജനങ്ങൾക്ക് പരാതികൾ, വിവരങ്ങൾ നൽകുന്നതിനായി ഹെൽപ്പ്ലൈനുകളും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം സ്ഥാപനങ്ങൾ ജനവിശ്വാസം നേടിയെടുക്കാൻ പോലീസ് ഉദ്യോഗസ്ഥരെത്തന്നെ ഉദ്ഘാടന ഘട്ടം മുതൽ പങ്കെടുപ്പിച്ച് ജനങ്ങളെ വഞ്ചിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | തട്ടിപ്പ് സംഘങ്ങളെ നിയന്ത്രിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ? | (സി) | തട്ടിപ്പ് സംഘങ്ങളെ നിയന്ത്രിക്കുന്നതിനായി കർശനമായ നിയമ നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.ഇത്തരം സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്. വ്യാപകമായ റെയ്ഡുകളും, പരിശോധനകളും നടത്തുന്നുണ്ട്.ഇത്തരം തട്ടിപ്പുകളിൽ ജനങ്ങൾ ഉൾപ്പെടാതിരിക്കുന്നതിനായി മുൻകരുതൽ നടപടി എന്ന നിലയിൽ ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ വിവിധ സന്നദ്ധ സംഘടനകളുടെയും, റസിഡൻസ് അസ്സോസിയേഷനുകളുടെയും സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളുടേയും, ബാങ്ക് ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ പൊതുജന ബോധവൽക്കരണത്തിനായി സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജാഗ്രതാ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ